(ബി) ജൂൺ രണ്ടാം വാരം വരെ 328 പേർ തിരുവനന്തപുരം - 109, കൊല്ലം - 4, പത്തനംതിട്ട - 5, ആലപ്പുഴ - 17, കോട്ടയം - 38, ഇടുക്കി - 4, എറണാകുളം - 57, തൃശ്ശൂർ -70, പാലക്കാട് - 17, മലപ്പുറം - 8, കോഴിക്കോട്-2, കണ്ണൂർ - 7.

(സി) 15.

(ഡി) പകർച്ചവ്യാധിമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായം നൽകുന്ന പദ്ധതികളൊന്നും തന്നെ ആരോഗ്യവകുപ്പിൽ നിലവിലില്ല.

(ഇ) ഡെങ്കിപ്പനി ബാധിച്ച് ചികിത്സയ്ക്കായി സർക്കാർ ആശുപത്രിയിൽ എത്തുന്നവർക്കായി സൗജന്യരോഗ നിർണ്ണയത്തിനും വിദഗ്ദ്ധ ചികിത്സക്കും ആവശ്യമായ എല്ലാ സംവിധാനങ്ങളും കേരളത്തിലെ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ആരോഗ്യവകുപ്പിൻകീഴിലുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് രോഗബാധ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ തുടർച്ചയായി കൊതുക് നശീകരണത്തിനായി ഫോഗിംഗ് നടത്തുക, കൂത്താടി നാശിനി തളിക്കുക, ജനപങ്കാളിത്തത്തോടെ കൊതുകിന്റെ പ്രജനന സ്ഥലങ്ങൾ നശിപ്പിക്കുക എന്നീ നടപടികൾ നടപ്പാക്കിവരുന്നു. ഇവ നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം

11 (*161) ശ്രീ. എൻ. ശക്തൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം സാമ്പത്തിക വർഷം ആരംഭിച്ചാലുടനെ നടത്തത്തക്ക വിധത്തിൽ അവയുടെ പദ്ധതികൾക്ക് കാലേകൂട്ടി രൂപം കൊടുക്കുന്നതിനും അംഗീകരിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇല്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷം മുതൽ ഈ രീതി നടപ്പാക്കുമോ എന്ന് വ്യക്തമാക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പെർക്കളം അബ്ദുള്ള) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾ അവയുടെ വാർഷിക ബഡ്ജറ്റിനോടൊപ്പം അവതരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അടുത്ത സാമ്പത്തിക വർഷം മുതൽ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽത്തന്നെ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഗോവധ നിരോധനം

12 (*162) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. വി. സതീശ് ചന്ദ്രൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോവധ നിരോധനം സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഗോവധ നിരോധനം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) കേന്ദ്ര കന്നുകാലി കമ്മീഷന്റെ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിശ്വഹിന്ദു പരിഷത്തുകാർ കേരളത്തിലേക്ക് കൊണ്ടുവരുന്ന പശുക്കൾ ഉൾപ്പെടെയുള്ള അറവുമാടുകളെ റോഡിൽ തടഞ്ഞ് തിരിച്ചയച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അറവുമാടുകളെ തടഞ്ഞവർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ & ബി) ഗോവധ നിരോധനം സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല.

(സി &ഡി) ഉണ്ട്. മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് 10 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

നെബുലൈസർ, ഇൻസിനറേറ്റർ എന്നിവ വാങ്ങിയത് സംബന്ധിച്ച് അന്വേഷണം

13 (*163) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികൾക്കായി നെബുലൈസർ, ഇൻസിനറേറ്റർ എന്നിവ വാങ്ങിയത് സംബന്ധിച്ച് സ്വീകരിച്ച നടപടിക്രമം വ്യക്തമാക്കുമോ ;

(ബി) മെഡിക്കൽ കോളേജ് ആശുപത്രികൾക്കായി വാങ്ങിയ ഇൻസിനറേറ്റർ ഇനിയും സ്ഥാപിക്കാനുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly